"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ സർവ്വീസ് പരീക്ഷാബോർഡിലെ ജീവനക്കാർക്ക് പത്താമത് ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ശമ്പള പരിഷ്കരണം സാധൂകരിച്ചും പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ചും ഉത്തരവാകുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/Co-Op തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. സ.ഉ.(കൈ)നം.213/2007/സഹ തീയതി 15.10.2007
2. സ.ഉ.(പി)നം.7/2016/ധന തീയതി 20.01.2016
3. സ.ഉ.(പി)നം.27/2021/ധന തീയതി 10.02.2021
4. സഹകരണ സംഘം രജിസ്ട്രാറുടെ 01.02.2022, 30.05.2023 തീയതികളിലെ യഥാക്രമം RCS/6838/2021-EM(5), RCS/8631/2022-EM(5) നം. കത്തുകൾ.
5. സഹകരണ സർവ്വീസ് പരീക്ഷാബോർഡ് സെക്രട്ടറിയുടെ 22.05.2024, 21.11.2024 തീയതികളിലെ CSEB/E&A/6/2016 നം. കത്തുകൾ.

**ഉത്തരവ്**

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 B പ്രകാരം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സൊസൈറ്റികൾ, ബോർഡുകൾ, മറ്റ് സ്ഥാപനങ്ങളിലേക്കുമുള്ള ജൂനിയർ ക്ളർക്കിനും അതിനു മുകളിലുമുള്ള തസ്തികകളിലേക്ക് സ്ഥിരനിയമനത്തിനായി എഴുത്തു പരീക്ഷ നടത്തുന്നതിന് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് രൂപീകരിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം ടി സ്ഥാപനത്തിന് സ്റ്റാഫ് പാറ്റേൺ അനുവദിച്ച് നല്കിയിട്ടുണ്ട്.

2. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പരാമർശം (2) പ്രകാരമുള്ള പത്താമത് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും കടിശ്ശികയും സർക്കാരിന്റെയോ, രജിസ്ട്രാറുടേയോ, പരീക്ഷാ ബോർഡ് ഭരണ സമിതിയുടേയോ

അനുമതി തേടാതെ, 2016 ൽ അനുവദിച്ചിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മേൽ നടപടി സാധൂകരിക്കണമെന്ന പരീക്ഷാ ബോർഡിന്റെ അഭ്യർത്ഥന സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, പരാമർശം (3) പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവിൻ്റെ അടിസ്ഥാനത്തിലുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിന് 01.07.2014 മുതലാണ് മുൻകാലപ്രാബല്യമുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡ് ജീവനക്കാരെ ബന്ധപ്പെട്ട തസ്തികകളിൽ റഗുലറൈസ് ചെയ്ത തീയതി പ്രാബല്യത്തിൽ, ബോർഡ് സ്വമേധയാ അനുവദിച്ച് നൽകിയ പത്താം ശമ്പള പരിഷ്ക്കരണം ചുവടെ പരാമർശിച്ചിട്ടുള്ള ശമ്പള സ്കെയിലിൽ സാധൂകരിച്ചുകൊണ്ടും പരാമർശം (3) ഉത്തരവിൻ്റെ വെളിച്ചത്തിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം ചുവടെ പറയുന്ന നിബന്ധനകളോടെ അനുവദിച്ച് നല്കിയും ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം | സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ശമ്പള സ്കെയിൽ | സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ശമ്പള സ്കെയിലിന് ആനുപാതികമായി പത്താം ശമ്പളപരിഷ്ക്കരണം പ്രകാരം അനുവദിക്കേണ്ട സ്കെയിൽ | പതിനൊന്നാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിക്കേണ്ട സ്കെയിൽ |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 1 | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) |
| 2 | ലോവർ ഡിവിഷൻ ക്ലർക്ക് | 1 | 3050-5230 | 18000-41500 | 25100-57900 |
| 3 | ലോവർ ഡിവിഷൻ ക്ലർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 4 | പരീക്ഷാ കോ-ഓർഡിനേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |

| | | | | | |
|---|---|---|---|---|---|
| 5 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 6 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 7 | ഡ്രൈവർ | 1 | 2750-4625 | 17500-39500 | 24400-55200 |
| 8 | അറ്റൻഡർ | 1 | 2650-4625 | 17000-37500 | 23700-52600 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850-7500 | 9340-14800 | 13000-21080 |

<u>നിബന്ധനകൾ</u>

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019 ന് നിലവിലുള്ള 2 8 % ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.02.2021 ലെ ക്ഷാമബത്ത 7% ആയിരിക്കുന്നതുമാണ്. തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

3 . ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ലെ അനക്സർ I I I പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 1 3 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6 . സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ / മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

8 . സർക്കാർ അനുമതിയില്ലാതെ സഹകരണ പരീക്ഷാ ബോർഡ് സ്വമേധയാ പത്താം ശമ്പളപരിഷ്കരണം അനുവദിച്ചതിലൂടെ ജീവനക്കാർ അധികമായി കൈപ്പറ്റിയ തുക ശമ്പള പരിഷ്ക്കരണം/DA/ഇൻക്രിമെൻ്റ് മുതലായവ അനുവദിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശികയിൽ ക്രമീകരിക്കേണ്ടതാണ്.

9 . ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം, വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

1 0 . സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ V I ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള

സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിൻ്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

15. താല്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്ക്കരണം ബാധകമല്ല. താല്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് നടപ്പാക്കാൻ പാടില്ല.

18. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് സെക്രട്ടറി/സഹകരണ സംഘം രജിസ്ട്രാർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

19. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

20. ഡ്രൈവർ, അറ്റൻഡർ തസ്തികയിലെ ജീവനക്കാർക്ക് 04.02.2021 തീയതിയിലെ കത്ത് പ്രകാരമാണ് സ്ഥിരനിയമനാനുമതി നല്കിയിട്ടുള്ളതെന്നതിനാൽ ഈ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകിയ തീയതിയിൽ പതിനൊന്നാം ശമ്പളപരിഷ്കരണത്തിലെ പുതുക്കിയ സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം ഫിക്സ് ചെയ്യേണ്ടതും അർഹമായ ക്ഷാമബത്ത അനുവദിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3683 തീയതി 13.12.2025)

ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

ധനകാര്യ വകുപ്പ് (അഗ്രി സി1/288/2022/ധന തീയതി 05.12.2025)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ബി1/227/2022/സഹ)

ഉത്തരവിൻ പ്രകാരം,
Signed by
Priyanka T V
Date: 04-03-2026 10:08:06
സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

175

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-02-2026

ഫയൽ നം. ബി1/227/2022/സഹ. ഇനം നം: 3683

വിഷയം : സഹകരണ വകുപ്പ് - സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പത്താമത് ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ശമ്പള പരിഷ്കരണം സാധൂകരിക്കുന്നതും സ.ഉ.(അ)നം.27/2021/ധന. തീയതി 10.02.2021-ന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

13/2
5.30pm

സെക്രട്ടറി, സഹകരണ വകുപ്പ്.

163

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

3683

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ബി1/227/2022/സഹ. |
| 2 | വകുപ്പ് | : | സഹകരണ (ബി) വകുപ്പ് |
| 3 | വിഷയം | : | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പത്താമത് ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ശമ്പള പരിഷ്കരണം സാധൂകരിക്കുന്നതും സ.ഉ.(അ)നം.27/2021/ധന തീയതി 10/02/2021 ന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതും - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/02/2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിക്കുന്ന അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അജി ഫിലിപ്പ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വീണ എൻ. മാധവൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. എൻ. വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചത് സാധൂകരിക്കുന്നതും, ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 B പ്രകാരം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സൊസൈറ്റികൾ, ബോർഡുകൾ, മറ്റ് സ്ഥാപനങ്ങളിലേക്കുമുള്ള ജൂനിയർ ക്ളർക്കിനും അതിനു മുകളിലുമുള്ള തസ്തികകളിലേക്ക് സ്ഥിരനിയമനത്തിനായി എഴുത്തു പരീക്ഷ നടത്തുന്നതിന് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് രൂപീകരിക്കുകയുണ്ടായി. സ.ഉ.(കൈ)നം.213/2007/സഹ തീയതി 15.10.20007 പ്രകാരം പരീക്ഷാ ബോർഡിന് സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ട്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാരുടെ ശമ്പളം "2425-00-101-96 (പ്ളാൻ)" എന്ന ശീർഷകത്തിൽ നിന്നാണ് നൽകുന്നത്.

3. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക്, 20/01/2016 ലെ സ.ഉ.(അ)നം.7/2016/ധന ഉത്തരവ് പ്രകാരമുള്ള പത്താമത് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും, കടിശ്ശികയും, സർക്കാരിന്റേയോ, രജിസ്ട്രാറുടേയോ, പരീക്ഷാ ബോർഡ് ഭരണ സമിതിയുടേയോ അനുമതി തേടാതെ, 2016 ൽ ചുവടെ ചേർത്തിരിക്കും വിധം അനുവദിച്ചിട്ടുള്ളതായി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത നടപടി സാധൂകരിക്കണമെന്ന പരീക്ഷാ ബോർഡിന്റെ അഭ്യർത്ഥന സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു.

| Sl.No. | Name | Post, Date of joining in CSEB | Post sanctioning order | Previous scale | Revised scale ($X^{th}$ pay revision) |
|---|---|---|---|---|---|
| 1. | S.Mohan Kumar | Attender | G.O.(Ms)No. 213/2007/co-op | 8730-13540 | 17000-37500 |

| | | | | | |
|---|---|---|---|---|---|
| | | 28/02/2011 | dt.15/10/2007 | | |
| 2. | S.Thara Kumary | Part- time Sweeper<br><br>22/03/2012 | G.O.(Ms)No. 213/2007/co-op dt.15/10/2007 | 4850-7500 | 9340-14800 |
| 3. | Sherin Nizar | Lower Division Clerk<br><br>18/12/2015 | G.O.(Ms)No. 163/2015/coop<br><br>dt 18/12/2015 | 9940-16580 | 19000-43600 |
| 4. | Jalaja S.V. | Data Entry Operator<br><br>04/01/2016 | G.O.(Ms)No. 170/2015/coop<br><br>dt 23/12/2015 | 9940-16580 | 19000-43600 |
| 5. | Smitha G.Chandran | Data Entry Operator<br><br>04/01/2016 | G.O.(Ms)No. 170/2015/coop<br><br>dt 23/12/2015 | 9940-16580 | 19000-43600 |
| 6. | K.Saheer | Data Entry Operator<br><br>04/01/2016 | G.O.(Ms)No. 170/2015/coop<br><br>dt 23/12/2015 | 9940-16580 | 19000-43600 |

4. 23/04/2025 ൽ ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ ഇനം നം. 2865 പ്രകാരം സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണം സാധൂകരിക്കുന്നതിനും പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിനും അനുമതി നൽകിയിരുന്നു.

5. ധനവകുപ്പിന്റെ നിർദ്ദേശാനുസരണം കരട് ശമ്പള പരിഷ്കരണ ഉത്തരവ് തയ്യാറാക്കി സൂക്ഷ്മപരിശോധനയ്ക്കായി സമർപ്പിച്ചപ്പോൾ മുൻപു നൽകിയ അഭിപ്രായത്തിൽ

ഭേദഗതി ചെയ്ത് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി :-

"20/01/2016 ലെ സ.ഉ.(പി)നം.07/2016/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡ് ജീവനക്കാരെ ബന്ധപ്പെട്ട തസ്തികകളിൽ റഗുലറൈസ് ചെയ്ത തീയതി പ്രാബല്യത്തിൽ, ബോർഡ് സ്വമേധയാ അനുവദിച്ച് നൽകിയ പത്താം ശമ്പള പരിഷ്കരണം താഴെ പരാമർശിക്കുന്ന ശമ്പള സ്കെയിലുകളിൽ സാധുകരിച്ചുകൊണ്ടും, 10/02/2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിന്റെ വെളിച്ചത്തിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡ് ജീവനക്കാരിൽ ഡ്രൈവർ, അറ്റൻഡർ തസ്തികയിലുള്ള ജീവനക്കാർക്ക് ഒഴികെയുള്ള ജീവനക്കാർക്ക് 01/07/2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം താഴെ പറയുന്ന നിബന്ധനകളോടെ അനുവദിച്ച് നല്കാവുന്നതുമാണ്.

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം | സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ശമ്പള സ്കെയിൽ | സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ശമ്പള സ്കെയിലിന് ആനുപാതികമായി പത്താം ശമ്പള പരിഷ്കരണം പ്രകാരം അനുവദിക്കേണ്ട സ്കെയിൽ | പതിനൊന്നാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിക്കേണ്ട സ്കെയിൽ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | സെക്രട്ടറി | 1 | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) | അന്യത്ര സേവനം (സഹകരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി രജിസ്ട്രാർ) |
| 2 | ലോവർ ഡിവിഷൻ | 1 | 3050-5230 | 18000-41500 | 25100-57900 |

| | | | | | |
|---|---|---|---|---|---|
| | ക്ലർക്ക് | | | | |
| 3 | ലോവർ ഡിവിഷൻ ക്ലർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 4 | പരീക്ഷാ കോ-ഓർഡിനേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 5 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 6 | കംമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 3050-5230 | 18000-41500 | 25100-57900 |
| 7 | ഡ്രൈവർ | 1 | 2750-4625 | 17500-39500 | 24400-55200 |
| 8 | അറ്റൻഡർ | 1 | 2650-4625 | 17000-37500 | 23700-52600 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850-7500 | 9340-14800 | 13000-21080 |

**<u>നിബന്ധനകൾ</u>**

1. മേൽ ശമ്പള പരിഷ്കരണം 01. 07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്

2. 01.07.2019 നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01/02/2021 ലെ ക്ഷാമബത്ത 7% ആയിരിക്കുന്നതുമാണ്. തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10/02/2021 ലെ സ.ഉ.(പി)

നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. സഹകരണ സർവ്വീസ് പരീക്ഷ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

8. സർക്കാർ അനുമതിയില്ലാതെ സഹകരണ പരീക്ഷാ ബോർഡ് സ്വമേധയാ പത്താം ശമ്പള പരിഷ്ക്കരണം അനുവദിച്ചതിലൂടെ ജീവനക്കാർ അധികമായി കൈപ്പറ്റിയ തുക ശമ്പള പരിഷ്ക്കരണം/DA/ഇൻക്രിമെന്റ് മുതലായവ അനുവദിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശികയിൽ ക്രമീകരിക്കേണ്ടതാണ്.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം, ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികൾ(റഗുലർ, ഡെപ്യൂട്ടേഷൻ,

താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ സർക്കാർ അനുമതിയില്ലാത്ത തസ്തികളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രമോഷൻ, തസ്തികകളുടെ അപ്ഗ്രേഡേഷൻ, ഡൗൺഗ്രേഡേഷൻ, പുനർനാമകരണം എന്നിവ നടപ്പിലാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം അലവൻസുകൾ, ലീവ്, പ്രമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

15. താല്ക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് നടപ്പാക്കാൻ പാടില്ല.

18. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന

വ്യതിയാനങ്ങൾക്ക് സെക്രട്ടറി/സഹകരണ സംഘം രജിസ്ട്രാർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

19. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22/10/2001 ലെ സ.ഉ.(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

20. ഡ്രൈവർ, അറ്റൻഡർ തസ്തികയിലെ ജീവനക്കാർക്ക് 04/02/2021 തീയതിയിലെ കത്ത് പ്രകാരമാണ് സ്ഥിര നിയമനനാനുമതി നല്കിയിട്ടുള്ളതെന്നതിനാൽ ഈ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയ തീയതിയിൽ പതിനൊന്നാം ശമ്പള പരിഷ്കരണത്തിലെ പുതുക്കിയ സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം ഫിക്സ് ചെയ്യേണ്ടതും അർഹമായ ക്ഷാമബത്ത അനുവദിക്കേണ്ടതുമാണ്.

21. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷമ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയ്ക്കുകയും ചെയ്യേണ്ടതാണ്.

ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6. ധനകാര്യ വകുപ്പിന്റെ പുതുക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയ്ക്കു സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(i) 20/01/2016 ലെ സ.ഉ.(പി)നം.07/2016/ധന ന്റെ അടിസ്ഥാനത്തിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡ് ജീവനക്കാരെ ബന്ധപ്പെട്ട തസ്തികകളിൽ റഗുലറൈസ് ചെയ്ത തീയതി പ്രാബല്യത്തിൽ ഖണ്ഡിക (3) ൽ വിവരിക്കും പ്രകാരം ബോർഡ് സ്വമേധയാ അനുവദിച്ച് നൽകിയ പത്താം ശമ്പള പരിഷ്കരണം ഖണ്ഡിക (5) ലെ കോളം (5) ൽ പരാമർശിക്കുന്ന ശമ്പള സ്കെയിലുകളിൽ സാധുകരിക്കാമോ ;

(ii) 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന ന്റെ വെളിച്ചത്തിൽ സഹകരണ സർവ്വീസ് പരീക്ഷ ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം ഖണ്ഡിക (5) ൽ നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാമോ ?